പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 246 12-10-2026-ൽ മറുപടിയ്ക്ക്

കാര്യക്ഷമമായ മരുന്ന് സംഭരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സർക്കാർ ആശുപത്രികളിലേക്കും കാരുണ്യ ഫാർമസികളിലേക്കും മരുന്ന് സംഭരിക്കാനുള്ള നടപടികളിൽ നിന്ന് ഇടനിലക്കാരെ ഒഴിവാക്കി നിർമ്മാതാക്കളെ നേരിട്ട് പങ്കെടുപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി:

ആരോഗ്യ വകുപ്പിൽ നിന്നും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ വാർഷിക ഇൻഡന്റുകൾ ക്രോഡീകരിച്ച് ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സര ഇ-ദർഘാസുകളിലൂടെ നിർമ്മാതാക്കളെ നേരിട്ട് പങ്കെടുപ്പിച്ചാണ് സർക്കാർ ആശുപത്രികളിലേക്കുള്ള ജനറിക് മരുന്നുകളുടെ സംഭരണം നടത്തിവരുന്നത്. ദർഘാസിൽ പങ്കെടുക്കുന്ന മരുന്ന നിർമ്മാതാക്കൾക്ക് WHO/GMP മാർഗനിർദ്ദേശം നിർബന്ധമാക്കുകയും, നിർമ്മാണ കമ്പനികളുടെ ശരാശരി വാർഷിക വിറ്റവരവ് 15 കോടിയാക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്, ഉൽപ്പന്നങ്ങൾക്ക് സാധുവായ ലൈസൻസ്/ ഇറക്കുമതി ലൈസൻസ് കൈവശമുള്ള നിർമ്മാതാവ്/നേരിട്ടുള്ള ഇറക്കുമതിക്കാരൻ എന്നിവർക്ക് മാത്രമെ ദർഘാസിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. വിതരണക്കാർ/ഏജന്റുമാർ/കരാർ നിർമ്മാതാക്കൾ എന്നിവർക്ക് ടെൻഡറിൽ പങ്കെടുക്കുവാൻ അർഹതയില്ല. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്ന ആശയം തന്നെ പൊതുജനങ്ങൾക്ക ഇടനിലക്കാരുടെ ചൂഷണമില്ലാതെ മരുന്ന് നിർമ്മാതാക്കളുമായി നേരിട്ട് വിലപേശൽ പ്രക്രിയയിലൂടെ ഏറ്റവും കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുക എന്നതാണ്. സംസ്ഥാനത്തുടനീളം ഗുണമേന്മയോടു കൂടിയ മരുന്നുകൾ നാമമാത്രമായ ലാഭമെടുത്ത് വിതരണം ചെയ്യുന്ന രീതിയാണ് കാരുണ്യയിൽ നിലവിലുള്ളത്. ഇതോടൊപ്പം കാരുണ്യയിലെ നിലവിലെ നിരക്ക്, മാർക്കറ്റ് നിരക്കുമായി താരതമ്യം ചെയ്തതിനു ശേഷം കാരുണ്യയിൽ നിരക്ക് കൂടിയതായി കണ്ടെത്തിയാൽ ആ കമ്പനികളുമായി പുനഃ വിലപേശൽ ചർച്ചകൾ നടത്തി നിരക്ക് കുറയ്ക്കുന്നതിനായുള്ളനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇതോടെ ക്യാൻസർ മരുന്നുകൾ ഉൾപ്പെടെയുള്ള എല്ലാ മരുന്നുകളും കുറഞ്ഞത് 20% വരെ വിലക്കുറവിൽ സംഭരിക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ;

മറുപടി: ക്യാൻസർ മരുന്നുകൾ ഉൾപ്പെടെയുള്ള എല്ലാ മരുന്നുകളും കുറഞ്ഞത് 20 ശതമാനമോ അതിന് മുകളിലോ വിലക്കുറവിൽ സംഭരിക്കാൻ സാധിക്കും. “കാരുണ്യ സ്പർശം” സീറോ പ്രോഫിറ്റ് ഹൈവാല്യൂ ആന്റി ക്യാൻസർ മെഡിസിൻ കൗണ്ടറുകൾ വഴി ക്യാൻസർ രോഗികൾക്കു ഉപയോഗിക്കുന്ന മരുന്നുകൾ പൊതു വിപണിയിൽ ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയിൽ

കാരുണ്യയിൽ നിലവിൽ ലഭ്യമാണ്. വെറും 2% സർവീസ് ചാർജ് മാത്രം ഈടാക്കി മുഴുവൻ ലാഭവും രോഗികൾക്ക് പ്രയോജനപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി) പരിശോധനയിൽ ഏതെങ്കിലും മരുന്നിന് ഗുണമേന്മയില്ലെന്ന് കണ്ടെത്തിയാൽ പ്രസ്തുത കമ്പനിയെ വിലക്ക് പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; മരുന്നുകളുടെ ഗുണനിലവാര പരിശോധനക്ക് കൂടുതൽ ക്രമീകരണങ്ങൾ ഒരുക്കുമോ; വിശദമാക്കുമോ?

<u>മറുപടി:</u> ഒരു ഉത്പാദകൻ വിതരണം ചെയ്ത മരുന്നുകളിൽ ഏതെങ്കിലും ഒരിനം മരുന്നിന്റെ മൂന്ന് ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി തെളിയുന്ന പക്ഷം ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും പ്രസ്തുത ഉത്പാദകന്റെ ടി മരുന്നിനെ കോർപ്പറേഷന്റെ തുടർന്നുള്ള മൂന്നുവർഷത്തെ ദർഘാസ് നടപടികളിൽ നിന്നും വിലക്കുകയും ചെയ്യുന്നു. ഒരു ഉത്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ടോ അതിലധികമോ ഇനം മരുന്നുകൾ ഇത്തരത്തിൽ കരിമ്പട്ടികയിൽപ്പെടുത്തിയാൽ, പ്രസ്തുത മരുന്ന കമ്പനിയെ തന്നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും കോർപ്പറേഷന്റെ തുടർന്നുള്ള മൂന്നുവർഷത്തെ ദർഘാസ് നടപടികളിൽ നിന്നും വിലക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ